## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1792** | **7.3.2018 ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ഒഴിവുകൾ**

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II -ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II -ന്റെ 10 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ബി) | 31.01.2018 വരെ നിലവിലുള്ള എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | 31.01.2018 വരെ നിലവിലുള്ള 10 ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.<br>**പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തീയതി — ഒഴിവുകളുടെ എണ്ണം**<br>06.07.2015 — 1 (എൻ.ജെ.ഡി)<br>17.08.2015 — 1<br>28.03.2016 — 1<br>29.03.2016 — 2<br>01.09.2016 — 4<br>14.11.2016 — 1 |
| (സി) | തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ അംഗീകൃത തസ്തികയിൽ ജോലി നോക്കി വരുന്ന സ്ഥിരം ജീവനക്കാരല്ലാത്ത ഫാർമസിസ്റ്റുകൾ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ; | | തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II -ന്റെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മേൽപ്പറഞ്ഞ 10 ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നല്കിയ ജീവനക്കാർ ജോലി നോക്കുന്നു. |
| (ഡി) | പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ